**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1980 — 11.02.2020 ൽ മറുപടിക്ക്

**സെൻസസ് വിവര ശേഖരണ ഉത്തരവ്**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 31/32 ഫീൽഡ് ഓപ്പറേഷൻസ് 2019 എന്ന നമ്പരിൽ 2020 ജനവരി 14-ന് ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻ കേരള തദ്ദേശ സ്ഥാപനങ്ങൾക്കയച്ച സർക്കുലറിൽ എൻ.പി.ആർ-നെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ടോ; | (എ) & (ബി) | കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ഡയറക്ടർ ഓഫ് സെൻസസ് ഓപ്പറേഷനാണ് സംസ്ഥാനത്ത് സെൻസസ്/ NPR പ്രവർത്തനങ്ങൾ നടത്തുവാൻ നിയുക്തമായിട്ടുള്ളത്. അവർ സംസ്ഥാന സർക്കാരിന് നൽകുന്ന നിർദ്ദേശങ്ങളിൽ NPR പുതുക്കൽ നടപടികൂടി പരാമർശിക്കാറുണ്ട്. എന്നാൽ സെൻസസ് സംബന്ധമായ കാര്യങ്ങൾ മാത്രം ഏറ്റെടുത്ത് നടത്തിയാൽ മതിയെന്ന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സെൻസസ് വിവര ശേഖരണത്തിനും ഇതേ നമ്പറിലുള്ള ഉത്തരവ് തന്നെയാണോ ഉപയോഗിക്കുന്നത്; | | |
| (സി) | തദ്ദേശസ്ഥാപനങ്ങളും താലൂക്ക് ഓഫീസുകളും സെൻസസിനായി നൽകുന്ന പ്രത്യേക നിർദ്ദേശത്തിലും രേഖപ്പെടുത്തുന്നത് ഈ ഫയൽ നമ്പർ തന്നെയാണോ; | (സി) | അല്ല. സംസ്ഥാന സർക്കാരിന്റെ പൊതുഭരണ വകുപ്പാണ് സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല. സംസ്ഥാന സർക്കാർ നൽകുന്ന നിർദ്ദേശങ്ങളിൽ ഒന്നാംഘട്ട സെൻസസ് പ്രവർത്തനങ്ങൾക്കൊപ്പം കേന്ദ്ര സർക്കാർ നടത്തുവാൻ തീരുമാനിച്ച എൻ.പി.ആർ പുതുക്കൽ നടപടികൾ നടപ്പാക്കേണ്ടതില്ല എന്നുള്ള വ്യക്തമായ നിർദ്ദേശം നൽകാറുണ്ട്. |
| (ഡി) | ഒരു ഉത്തരവിലൂടെ എൻ.പി.ആറും സെൻസസും നടപ്പാക്കാൻ നിർദ്ദേശം നൽകിയതിനാൽ സെൻസസ് വിവരങ്ങൾ ഉപയോഗിച്ച് പിന്നീട് ദേശീയ ജനസംഖ്യ രജിസ്റ്റർ തയ്യാറാക്കാൻ കേന്ദ്രത്തിന് നിയമ തടസം ഉണ്ടാകില്ലെന്ന നിയമ വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഈ സാഹചര്യത്തിൽ സെൻസസിനും എൻ.പി.ആറിനും വ്യത്യസ്ഥ | (ഇ) | ഇല്ല. ജനസംഖ്യാ കണക്കെടുപ്പും (Census-2021) ദേശീയ ജനസംഖ്യാ പട്ടിക (NPR) പുതുക്കലും |

| | | | |
|---|---|---|---|
| | ഉത്തരവുകൾ പുറപ്പെടുവിച്ചാലേ ആശങ്കകൾ അകറ്റാൻ കഴിയൂ എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | | രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. ഇവയ്ക്ക് വേറ്വേറ ചോദ്യാവലികളുമാണ്. എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ആയത് കൊണ്ടുതന്നെ എൻ.പി.ആർ ചോദ്യാവലികളുമായി ഉദ്യോഗസ്ഥർ ജനങ്ങളെ സമീപിക്കുകയുമില്ല. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയകുഴപ്പം സൃഷ്ടിക്കാതിരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധചെലുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ